പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3491** — 23.06.2014 ൽ മറുപടിയ്ക്ക്

## ഓമന, സ്വസ്തിക എന്നിവരുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ആറ്റിങ്ങൽ ക്രൈം നമ്പർ 491/2014 ആയി രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന ആലംകോട് തുഷാരത്തിൽ ഓമന, കൊച്ചുമകൾ സ്വസ്തിക എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് വിശദമാക്കാമോ; | (എ) | ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം കേസിന്റെ അന്വേഷണം അവസാന ഘട്ടത്തിലാണ്. അന്വേഷണത്തിലാകയാൽ മറ്റു വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) | പ്രസ്തുത കേസിൽ ആരെയൊക്കെയാണ് പ്രതിചേർത്തിട്ടുള്ളതെന്നും ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (ബി) | 1. ലിനോ മാത്യു 2. അനുശാന്തി എന്നിവരെ ഈ കേസിൽ പ്രതികളായി ഉൾപ്പെടുത്തിയിട്ടുള്ളതും രണ്ടുപേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 491/2014-ൽ 120(B), 115, 449, 379, 324, 307 and 302 IPC എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. |
| (സി) | കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | (സി) | ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 491/14-മായി ബന്ധപ്പെട്ട കേസ് വാദിക്കുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ 17.06.2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷയിൽ |

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ അഭിപ്രായം പരിശോധിച്ച് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ